## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 791 — 30/11/2018-ൽ മറുപടിയ്ക്ക്

### <u>പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിനായുള്ള പദ്ധതികൾ</u>

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.ജെ. മാക്സി :** | **ശ്രീ. എ.കെ.ബാലൻ**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി)** |
| (എ) വിവിധ പദ്ധതികൾ മുഖേന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെയും ആദിവാസികളുടെയും ക്ഷേമത്തിനും ഉന്നമനത്തിനുമായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും ഇതിനായി ഓരോവർഷവും അനുവദിച്ച തുക, ചെലവാക്കിയ തുക എന്നിവ എത്രയെന്നും വ്യക്തമാക്കുമോ;<br><br>(ബി) ആദിവാസി മേഖലകളിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും ശിശുമരണ നിരക്ക് കുറയ്ക്കുവാനും പഠന നിലവാരം ഉയർത്തുവാനുമായി ഈ സർക്കാർ കാലയളവിൽ ഓരോവർഷവും നടപ്പാക്കിയ പ്രവർത്തനങ്ങൾ പദ്ധതി തിരിച്ച് എന്തെല്ലാം എന്നും അതിനായി അനുവദിച്ച തുക എത്രയെന്നും ചെലവാക്കിയ തുക എത്ര എന്നും വ്യക്തമാക്കുമോ; | (എ) യും (ബി) യും<br><br>പട്ടികജാതിക്കാരുടെ പാർപ്പിടം, ഭൂമി എന്നീ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാണ് കൂടുതൽ തുക വകയിരുത്തിയത്. ഇവർ താമസിക്കുന്ന പ്രദേശത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പദ്ധതികളും വിദ്യാഭ്യാസം, പെൺകുട്ടികൾക്കുള്ള ഇൻഷ്വറൻസുമായി ബന്ധപ്പെട്ട് സാമൂഹ്യസുരക്ഷപദ്ധതി എന്നിവയും നടപ്പിലാക്കിയിട്ടുണ്ട്. പട്ടികജാതിക്കാരുടെ ഉന്നമനത്തിനും ക്ഷേമത്തിനും വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെയും അതിനായി ഓരോ വർഷവും അനുവദിച്ച തുകയും ചെലവഴിച്ച തുകയും ചുവടെ ചേർക്കുന്നു. |

| വർഷം | അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 2016-17 | 174642 | 145321.09 |
| 2017-18 | 188910 | 156791.45 |
| 2018-19 (Up to 31/10/18) | 188784 | 76773.53 |

പട്ടികജാതിക്കരുടെ ഉന്നമനത്തിനായി നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ അനുബന്ധം (1)) ആയി ചേർക്കുന്നു.

പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി ഈ സർക്കാർ നിലവിൽ വന്നതിനുശേഷം അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വകുപ്പ് | വർഷം | അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|
| പട്ടിക വർഗ്ഗ വികസന വകുപ്പ് | 2016-17 | 54448.12 | 51957.42 |
| | 2017-18 | 58363.49 | 51798.25 |
| | 2018-19 | 65036.51 | 32064.65 |
| പൊതു മരാമത്ത് വകുപ്പ് | 2016-17 | 4890.37 | 1632.75 |
| | 2017-18 | 4799.76 | 1388.25 |
| | 2018-19 | 4400 | 931.76 |
| ഗ്രാമ വികസന വകുപ്പ് | 2016-17 | 6535.9 | 3652.77 |
| | 2017-18 | 7599.2 | 1290.5 |
| | 2018-19 | 5280 | 327.83 |
| എൻ.ആർ.എൽ.എം | 2016-17 | 637 | 332.85 |
| | 2017-18 | 637 | 430 |
| | 2018-19 | 3347 | 258 |
| കിർടാഡ്സ് | 2016-17 | 235.01 | 199.24 |
| | 2017-18 | 290 | 188.4 |
| | 2018-19 | 380 | 68.14 |
| തദ്ദേശ സ്വയംഭരണ വകുപ്പ് | 2016-17 | 15600 | 10974 |
| | 2017-18 | 17602.11 | 13595.62 |
| | 2018-19 | 19360 | 5635.45 |

വിവിധ പദ്ധതികൾ മുഖേന ഈ സർക്കാർ സ്വീകരിച്ച് വരുന്ന നടപടികൾ അനുബന്ധം (2) ആയി ചേർത്തു കൊള്ളുന്നു.

| | | | |
|---|---|---|---|
| (സി) | ഈ സർക്കാർ പ്രഖ്യാപിച്ച വനജ്യോതി പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ, നാളിതുവരെ നടപ്പാക്കിയ പ്രവർത്തനങ്ങൾ എന്നിവ | (സി) | പട്ടികവർഗ്ഗ വികസന വകുപ്പിൻ കീഴിൽ വനജ്യോതി എന്ന പദ്ധതി നടപ്പിലാക്കുന്നില്ല. എന്നാൽ തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ 2018-19 |

| | | | |
|---|---|---|---|
| | സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; സംസ്ഥാനത്തെ എല്ലാ ആദിവാസി ഊരുകളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | | സാമ്പത്തിക വർഷത്തെ ഗ്രാന്റ്-ഇൻ-എയ്ഡ് ഉൾപ്പെടുത്തി 15 പട്ടികവർഗ്ഗ മേഖലകളിൽ വനജ്യോതി എന്ന പേരിൽ രാത്രികാല പഠനക്ലാസ്സ് നടത്തുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. ടി പദ്ധതിയിൽ ഉൾപ്പെട്ട കുട്ടികൾക്ക് ഒരാൾക്ക് 15/- രൂപ നിരക്കിൽ ലഘുഭക്ഷണവും ലഭ്യമാക്കുന്നുണ്ട്. പ്രസ്തുത പദ്ധതിയിൽ അദ്ധ്യാപകരായി ആദിവാസി വിഭാഗത്തിൽപ്പെട്ട വിദ്യാസമ്പന്നരെയാണ് നിയമിക്കുന്നത്, ഇവർക്ക് പ്രതിമാസം 5000/- രൂപ ഓണറേറിയം നൽകുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

**പട്ടികജാതിക്കാരുടെ ഉന്നമനത്തിനായി നടപ്പാക്കുന്ന പ്രധാന പദ്ധതികൾ:**

1. ഭൂരഹിതർക്ക് ഭവനനിർമ്മാണത്തിനുള്ള ഭൂമി
2. ഭവനരഹിതർക്ക് ഭവനം
3. പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗത്തിനുള്ള വികസന പരിപാടികൾ
4. പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെട്ട പ്രത്യേക പ്രോജക്ടുകൾക്കുള്ള പൂൾഡ് ഫണ്ട്

5) മരാമത്തും, കെട്ടിടവും

6) പട്ടികജാതി വികസന വകുപ്പിന്റെനവീകരണവും, ഇ-ഗവേണൻസ് സംരംഭങ്ങളും

7) പ്രത്യേക ഘടകപദ്ധതി പ്രകാരമുള്ള കോർപ്പസ് ഫണ്ട് (വികസന പരിപാടികളിലെ നിർണ്ണായകമായ വിടവ് നികത്തൽ പദ്ധതി

8) പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷനുള്ള ധനസഹായം

9) പട്ടികജാതി യുവതികൾക്ക് വിവാഹ ധനസഹായം

10) വെള്ളായണിയിലുള്ള അയ്യൻകാളി മെമ്മോറിയൽ മാതൃകാ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ ഉൾപ്പെടെയുള്ള മാതൃക റസിഡൻഷ്യൽ സ്കൂളുകളുടെ നടത്തിപ്പ്

11) പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനായുള്ള ധനസഹായം

12) തൊഴിലിനും പരിശീലനത്തിനും മാനവ വിഭവ ശേഷി വികസനത്തിനുമുള്ള സഹായം

13) കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് - എസ്.സി.പി (51% സംസ്ഥാന വിഹിതം)

14) ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (സംസ്ഥാന വിഹിതം)

15) പൗരവകാശ സംരക്ഷണ നിയമവും അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കലും (50% സംസ്ഥാന വിഹിതം)

താഴെ പറയുന്ന 100%, 50% കേന്ദ്ര ധനസഹായത്തോടെയുള്ള പദ്ധതികൾ വകുപ്പ് നടപ്പിലാക്കി വരുന്നു.

16) പ്രത്യേക ഘടകപദ്ധതിക്കുള്ള പ്രത്യേക കേന്ദ്രസഹായം

17) പട്ടികജാതി വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്

18) പട്ടികജാതി വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തൽ

19) പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (പോസ്റ്റ് മെട്രിക്) ജഗജീവൻ റാം ഛത്രവാസ് യോജന (100% കേന്ദ്രാവിഷ്കൃത പദ്ധതി)

20) വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പുകൾ

21) 9 ഉം 10 ഉം ക്ലാസ്സുകളിൽ പഠിയ്ക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് (100% കേന്ദ്രവിഹിതം)

22) പ്രധാനമന്ത്രി ആവാസ് യോജ്ന പ്രത്യേക ഘടക പദ്ധതി (60% കേന്ദ്രവിഹിതം) എൻ.ആർ.എൽ.എം (ദേശീയ ഗ്രാമീണ ഉപജീവന മിഷൻ) പ്രത്യേക ഘടക പദ്ധതി (60% കേന്ദ്രവിഹിതം)

23) പഠനമുറി

24) വാത്സല്യനിധി

25) വർക്കിംഗ് വുമൺസ് ഹോസ്റ്റൽ

26) നാഷണൽ കർമ്മചാരി ഫിനാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (NSKFDC)

27) വെഞ്ചർ കാപ്പിറ്റൽ ഫണ്ട് ഫോർ എസ്.സി

28) ക്രഡിറ്റ് എൻഹാൻസ്മെന്റ് ഗാരന്റി സ്കീം ഫോർ എസ്.സി

29) അസിസ്റ്റൻസ് റ്റു വോളിയന്ററി ഓർഗനൈസേഷൻ വർക്കിംഗ് ഫോർ വെൽഫെയർ ഓഫ് എസ്.സി

30) ദീൻ ദയാൽ അന്ത്യോദയ യോജ്ന

സെക്ഷൻ ഓഫീസർ

# അനുബന്ധം - 2

വിവിധ പദ്ധതികൾ മുഖേന ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർത്തുകൊള്ളുന്നു. **പാർപ്പിട പദ്ധതികൾ**

- മുൻവർഷങ്ങളിൽ അനുവദിച്ചതും 31.03.2016നുള്ളിൽ പൂർത്തീകരിക്കാത്തതുമായ 12,256 വീടുകളിൽ 9425 വീടുകൾ ലൈഫ് മിഷൻ പദ്ധതി പ്രകാരം പൂർത്തിയാക്കിയിട്ടുണ്ട്.
- 2016-17 സാമ്പത്തിക വർഷം വിവിധ ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന രഹിതരായ 6709 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പുതിയ വീടുകൾ അനുവദിച്ചിട്ടുണ്ട്. ആയതിൽ 31 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്നവ വിവിധ ഘട്ടങ്ങളിലായി പണി പുരോഗമിച്ചു വരുകയും ചെയ്യുന്നു.
- 2016-17 സാമ്പത്തിക വർഷത്തിൽ 700 വീടുകൾ ഭവന പുനരുദ്ധാരണ പദ്ധതിയ്ക്കായി തെരഞ്ഞെടുത്തിട്ടുണ്ട്.
- 2017-18 സാമ്പത്തിക വർഷത്തിൽ 713 വീടുകൾ ഭവന പുനരുദ്ധാരണപദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുണ്ട്.
- 2018-19 സാമ്പത്തിക വർഷത്തിൽ 473 വീടുകൾ ഭവന പുനരുദ്ധാരണപദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുണ്ട്.

**ഭൂമിയും പുനരധിവാസവും**

- 2016-17 സാമ്പത്തിക വർഷം ടി.ആർ.ഡി.എം ന് 45.08 കോടി രൂപയാണ് വകയിരുത്തിയത്.
- ടി വർഷം 174 ഗുണഭോക്താക്കൾക്കായി 81.983 ഏക്കർ ഭൂമി വിലക്കു വാങ്ങി നൽകിയിട്ടുണ്ട്. ആയതിനായി 13.37 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.
- പുനരധിവാസ മേഖലയിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കുളള 31.71 കോടി രൂപ ഉൾപ്പെടെ ആകെ 45.08 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.
- 2018-19 സാമ്പത്തികവർഷം പുനരധിവാസ പ്രവർത്തനങ്ങൾക്കായി 55 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽ 2018-19 സാമ്പത്തികവർഷം പ്രളയം മൂലം ഭൂമി നഷ്ടപ്പെട്ട 144 പേർക്ക് 24.39 ഏക്കർ ഭൂമി 6 കോടി രൂപ ചിലവഴിച്ച് വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ മറ്റ് പുനരധിവാസ മേഖലയിലെ പുനരധിവാസ പ്രവർത്തനങ്ങൾക്കുൾപ്പടെ ആകെ 31.42 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

**വനാവകാശ നിയമം**

- 2016-17 സാമ്പത്തിക വർഷം 136 പേർക്കായി 705 ഏക്കർ ഭൂമിയുടെ കൈവശ രേഖ നൽകിയിട്ടുണ്ട്.
- 2017-18 സാമ്പത്തിക വർഷം 28 പേർക്കായി 52 ഏക്കർ ഭൂമിയുടെ കൈവശ രേഖ നൽകിയിട്ടുണ്ട്.
- 667 പേർക്ക് നിക്ഷിപ്ത വനഭൂമി നൽകിയതുൾപ്പെടെ ആകെ 1098 പേർക്കായി 1453.133 ഏക്കർ ഭൂമിയാണ് അനുവദിച്ചിട്ടുള്ളത്.

- 667 പേർക്ക് നിക്ഷിപ്ത വനഭൂമി നൽകിയതുൾപ്പെടെ ആകെ 1098 പേർക്കായി 1453.133 ഏക്കർ ഭൂമിയാണ് അനുവദിച്ചിട്ടുള്ളത്.

**ഊരുകളിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതി**

**വൈദ്യുതീകരണം**

- സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി എല്ലാ പട്ടികവർഗ്ഗ ഊരുകൾ 15.42 കോടി രൂപ കെ.എസ്.ഇ.ബിയ്ക്ക് നൽകി വൈദ്യുതീകരിച്ചുവരുന്നു. നടപ്പ് സാമ്പത്തികവർഷം പാലക്കാട് ജില്ലയിൽ സൗരോർജ്ജ വൈദ്യുതീകരണത്തിനായി 40.13. ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

**കമ്മ്യൂണിറ്റി ഹാൾ**

- വിവിധ ജില്ലകളിൽ പട്ടികവർഗ്ഗ കോളനിയിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുന്നതിനായി 2.09 കോടി രൂപ അനുവദിച്ചു. നടപ്പ് സാമ്പത്തിക വർഷം പാലക്കാട് ജില്ലയിൽ 56.68. ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

**റോഡ്, പാലം,കലുങ്ക് നിർമ്മാണം**

- റോഡ്, പാലം, കലുങ്ക് നിർമ്മാണം എന്നിവയുടെ നിർമ്മാണ പ്രവർത്തനത്തിനും,നവീകരണത്തിനുമായി 15.74 കോടി രൂപ വിവിധ ജില്ലകൾക്കായി അനുവദിച്ചു. നടപ്പ് സാമ്പത്തികവർഷം മേലാവശ്യത്തിലേക്ക് 677.34 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

**കുടിവെള്ളം**

- വിവിധ ജില്ലകളിലായി 3.50 കോടി രൂപ ചെലവഴിച്ച് കുടിവെള്ള പദ്ധതി നടപ്പിലാക്കി വരുന്നു.

**എ.റ്റി.എസ്.പി. പദ്ധതി**

- എ.റ്റി.എസ്.പി പദ്ധതിയിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിൽ 2015-16 വർഷത്തിൽ ആരംഭിച്ച പദ്ധതിയിൽ 19 കോളനികൾ നടപ്പ് സാമ്പത്തിക വർഷം പൂർത്തീകരിച്ചു.

**ഹാംലറ്റ് വികസന പദ്ധതി**

- 2013-14 മുതൽ 2015-16 വർഷം വരെ തെരെഞ്ഞെടുത്ത 46 കോളനികളിൽ 31 കോളനികളിലെ പ്രവർത്തികൾ പൂർത്തിയായിട്ടുണ്ട്.
- ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 18 കോളനികളിലെ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.
- 2016-17 വർഷം 10 കോളനികളെ തെരെഞ്ഞെടുക്കുന്നതിന് 21/03/2017 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 747/17/പജ.പവ.വിവ പ്രകാരം അനുമതി ലഭിച്ചിരുന്നു. എന്നാൽ ടി കോളനികളിൽ പദ്ധതി ആരംഭിക്കാത്തതിനാൽ ടി 10 കോളനികളിൽ 2017-18 വർഷത്തെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിലുൾപ്പെടുത്തി സർക്കാർ ഉത്തരവായിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**അംബേദ്ക്കർ സെറ്റിൽമെന്റ്**

- സംസ്ഥാനത്തെ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ വസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ സാമൂഹിക സാമ്പത്തിക വികസനമാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമലടുന്നത് 2017 -18 വർഷം ഈ പദ്ധതിക്കായി 9999.99 ലക്ഷം രൂപ 2225-02-102-85 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്.
- 101 കോളനികളെ തെരെഞ്ഞെടുത്ത് ഏജൻസികളെ നിശ്ചയിച്ചു ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. 2018-19 സാമ്പത്തിക വർഷം 110 കോടി വകയിരുത്തിയിട്ടുണ്ട്. 2017-18 വർഷം തിരഞ്ഞെടുത്ത 101 കോളനികളിൽ പദ്ധതി പ്രവർത്തനം നടത്തുന്നതിനുള്ള തുടര

നുമതി പ്രകാരം 91 ഡി.പി.ആർ. ലഭ്യമായിട്ടുണ്ട്. ഇവയിൽ 74 കോളനികളുടെ ഡി.പി.ആറിന് ജില്ലാ തല വർക്കിംഗ് ഗ്രൂപ്പിൽ അംഗീകാരം ലഭ്യമായിട്ടുണ്ട്. 73 കോളനികളിൽ നിർമ്മാണപ്രവർത്തികൾ ആരംഭിക്കുന്നതിന് മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ചിട്ടുണ്ട്. ഇതിനോടകം 30 കോളനികളിൽ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

## മറ്റ് ക്ഷേമപദ്ധതികൾ

### ഗോത്രവാൽസല്യനിധി

- പട്ടികവർഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിദ്യാഭ്യാസ ഉന്നതി ലക്ഷ്യമാക്കി സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ ഗോത്രവാൽസല്യ നിധി എന്ന സമഗ്ര ഇൻഷുറൻസ് പദ്ധതിയിൽ 2017-18, 2018-19 എന്നീ വർഷങ്ങളിലായി 4 കോടി 20 ലക്ഷം രൂപ വിനിയോഗിച്ചു. 960 പട്ടികവർഗ പെൺകുട്ടികളെ സർക്കാർ ഉത്തരവിലെ മനദണ്ഡ പ്രകാരം നാളിതുവരെ ഇൻഷ്വർ ചെയ്തിട്ടുണ്ട്.

### വിവാഹ ധനസഹായം

- നിർദ്ധനരും അനാഥരും നിലവിൽ 1 ലക്ഷം രൂപയിൽ താഴെ വരുമാനമുള്ളവരുമായ പട്ടികവർഗ കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് സർക്കാർ ഉത്തരവിലെ ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരം ഒരു ലക്ഷം രൂപ വരെ വിവാഹധനസഹായം അനുവദിച്ച് വരുന്നു. പെൺകുട്ടികളുടെ മാതാപിതാക്കൾ മരണപ്പെട്ടതാണെങ്കിൽ 1,50,000 രൂപ നൽകി വരുന്നു. 2017-18 വർഷം 250 ലക്ഷം രൂപയും 2018-19 വർഷം 275 ലക്ഷം രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു.

### ട്രൈബൽ പ്ലസ് പദ്ധതി

- പട്ടികവർഗക്കാർക്ക് നിലവിൽ അനുവദിച്ച് വരുന്ന തൊഴിൽ ദിനങ്ങൾക്ക് പുറമെ നൂറ് ദിവസത്തെ അധിക തൊഴിൽ ദിനങ്ങൾ കൂടി സൃഷ്ടിക്കുന്നതിന് ആവിഷ്ക്കരിച്ച പദ്ധതിയാണിത്. നിലവിൽ തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്ന മഹാത്മഗാന്ധി തൊഴിലുറപ്പ് സ്റ്റേറ്റ് മിഷൻ വഴിയാണ് ഈ പദ്ധതിയും നടപ്പിലാക്കുന്നത്. പദ്ധതി മുഖേന പട്ടികവർഗക്കാർക്ക് 200 തൊഴിൽ ദിനങ്ങൾ അനുവദിക്കുന്നതിലൂടെ അവരുടെ സാമൂഹിക സാമ്പത്തിക വികസനം ലക്ഷ്യമിടുന്നു.
- പ്രസ്തുത പദ്ധതിക്ക് വകുപ്പ് 12.40 കോടി രൂപ സ്റ്റേറ്റ് മിഷന് അനുവദിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു.
- കൂടാതെ മഹാത്മഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കേന്ദ്ര ഫണ്ട് ലഭ്യമല്ലാത്ത സാഹചര്യത്തിൽ പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻകൂർ വേതനം നൽകുന്നതിന് പട്ടികവർഗ വികസന വകുപ്പ് 11.13 കോടി രൂപ കുടുംബശ്രീയ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതിൽ അട്ടപ്പാടിയിലേക്ക് 6 കോടി രൂപയും വയനാട്ടിലേക്ക് 5.13 കോടി രൂപയുമാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതി അട്ടപ്പാടിയിലെ അഗളി, ഷോളയൂർ, പുതൂർ പഞ്ചായത്തുകളിൽ കുടുംബശ്രീ ഊരുസമിതി വഴിയും വയനാട്ടിലെ പനമരം, മുട്ടിൽ, പുൽപ്പള്ളി ഗ്രാമപ്പഞ്ചായത്തുകളിൽ കുടുംബശ്രീ, എ.ഡി.എസ്. മുഖേനയുമാണ് നടപ്പിലാക്കുന്നത്.

### ശാക്തീകരണ -ബോധവത്ക്കരണ പരിപാടി (ഗോത്രരശ്മി)

- ഇടുക്കി ജില്ലയിലെ പട്ടിക വർഗ്ഗ വിഭാഗങ്ങളായ മന്നാൻ, മുതുവാൻ, ഊരാളി, ഹിൽപുലയ, പളിയർ തുടങ്ങിയ ഗോത്രവിഭാഗങ്ങളുടെ ജീവിത രീതികളിലെ സാംസ്ക്കാരിക തനിമ നിലനിർത്തിക്കൊണ്ട് പുതിയ ജീവിതോപാധി മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനും ആരോഗ്യ വിദ്യാഭ്യാസ തൊഴിൽ മേഖലകളിൽ കരുത്താർജ്ജിക്കുന്നതിനും പുതിയ വിദ്യാഭ്യാസത്തിലൂടെ അവർക്ക് ആത്മ വിശ്വാസം പകരുന്നതിനും ഉതകുന്ന പദ്ധതിയാണ് 'ഗോത്രരശ്മി ടി പദ്ധതിയ്ക്കായി 40.71 ലക്ഷം രൂപയ്ക്ക്

ഭരണാനുമതി ലഭ്യമാക്കി പദ്ധതി നടപ്പിലാക്കി വരുന്നു. പദ്ധതി അന്തിമ ഘട്ടത്തിലാണ്.

ഗദ്ദിക

- ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആകെ 4 ഗദ്ദികകൾ നടത്തിയിട്ടുണ്ട്.പാലക്കാട് ജില്ലയിലെ വടക്കാഞ്ചേരി, കോഴിക്കോട് ജില്ലയിലെ വളയം, കൊല്ലം ജില്ലയിലെ പത്തനാപുരം, മലപ്പുറം ജില്ലയിലെ പൊന്നാനി, മേഖലകളിലുമായി ഏകദേശം 1.60 കോടി രൂപയുടെ വിറ്റുവരവ് ഉണ്ടായിട്ടുണ്ട്. ജന പങ്കാളിത്തം കൊണ്ട് ഓരോ ഗദ്ദികയും ശ്രദ്ധിക്കപ്പെട്ടു.

പട്ടികവർഗ്ഗക്കാരുടെ കടം എഴുതിതള്ളുന്ന പദ്ധതി

- കടം എഴുതിത്തള്ളുന്ന പദ്ധതി നടപ്പിലാക്കുന്നതിൽ 2016-17,2017-18, 2018-19 വർഷങ്ങളിൽ വായ്പ എഴുതി തള്ളുന്നതിനായി വിവിധ ധനകാര്യ സ്ഥാപനങ്ങൾക്ക് അനുവദിച്ചു നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | ഗുണഭോക്താക്കളുടെ എണ്ണം | തുക |
|---|---|---|---|
| 1. | 2016-17 | 1353 | 3,45,75,612/- |
| 2. | 2017-18 | 1029 | 2,68,52,630/- |
| 3 | 2018-19 | 87 | 15,15,099 |

സ്വയംതൊഴിലും നൈപുണ്യവികസനവും

- കേരളസർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും അധീനതയിലുള്ള നൈപുണ്യ പരിശീലന കേന്ദ്രവുമായി സഹകരിച്ച് വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. ആധുനിക തൊഴിൽ മേഖലകളിൽ ഉണ്ടാകുന്ന ജോലി സാദ്ധ്യതകൾ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് ലഭ്യമാക്കുന്നതിന് ഉറപ്പാക്കുന്ന പരിശീലന പരിപാടികളാണ് സംഘടിപ്പിച്ചു വരുന്നത്. ഇതിനു പുറമേ **കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ് (KASE)** എന്ന സ്ഥാപനം അംഗീകരിച്ചിട്ടുള്ള സ്ഥാപനങ്ങളുമായി വകുപ്പ് നേരിട്ടു കരാറിൽ ഏർപ്പെട്ട് ഇത്തരം ആധുനിക തൊഴിൽ പരിശീലനം നൽകി വരുന്നുണ്ട്.
- സംസ്ഥാനത്ത് പട്ടികവർഗത്തിൽപ്പെട്ട യുവജനങ്ങൾക്കായി സ്വയംതൊഴിലിനും വൈദഗ്ദ്ധ്യ പരിശീലനത്തിനുമുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ആയതിന് **"പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയംതൊഴിലിനും നൈപുണ്യവികസന പരിശീലനത്തിനുമുള്ള സഹായം"** എന്ന ശീർഷകം നിലവിലുണ്ട്. കൂടാതെ കോർപ്പസ് ഫണ്ട്, പൂൾഡ് ഫണ്ട്, ആർട്ടിക്കിൾ 275(1), എസ്.സി.എ. ടു ടി.എസ്.എസ് എന്നീ പദ്ധതികളിലുൾപ്പെടുത്തി നൈപുണ്യ വികസന പദ്ധതികളും സംരംഭകത്വ വികസന പരിപാടികളും നടപ്പിലാക്കി വരുന്നു.

കരിയർ ഗൈഡൻസ് ജോബ് ഫെയർ

- ഇടുക്കി, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ വിവിധ തൊഴിൽദായക പ്രൈവറ്റ് സ്ഥാപനങ്ങളെ സംഘടിപ്പിച്ചുകൊണ്ട് ജോബ് ഫെയർ സംഘടിപ്പിച്ചു. 1400 യുവതീയുവാക്കൾ പങ്കെടുക്കുകയും പരിശീലന പരിപാടിയ്ക്കുള്ള പ്രവർത്തന നടപടികൾ ആരംഭിച്ചു.
- ആധുനിക തൊഴിൽ മേഖലകളിലുണ്ടാകുന്ന തൊഴിൽ അവസരങ്ങൾ സ്വായത്തമാക്കുന്നതിനായി സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളായ കെൽട്രോൺ, സെന്റർ ഫോർ ബയോ പോളിമർ സയൻസ് ആന്റ് ടെക്നോളജീ, ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യാ ലിമിറ്റഡ് എന്നിവ

മുഖേന പരിശീലനം നൽകുന്നു.

- ഡെസ്ക് ടോപ് എഞ്ചിനീയറിംഗ്, നെറ്റ് വർക്കിംഗ്, മൾട്ടി മീഡിയ, ഹാർഡ് വെയർ & സോഫ്റ്റ് വെയർ മെയിന്റനൻസ് തുടങ്ങിയ ഐ.റ്റി മേഖലകളിൽ തൊഴിൽ ഉറപ്പുവരുത്തുന്നതിന് 240 കുട്ടികൾക്ക് പരിശീലനം നൽകുന്നതിന് 308 ലക്ഷം രൂപ ചെലവിൽ വകുപ്പിന്റെ കീഴിൽ ഒരു സെന്റർ ഓഫ് എക്സലൻസ് തിരുവനന്തപുരത്ത് നടപ്പിലാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.
- പട്ടികവർഗ്ഗ വനിതകൾക്ക് ആധുനിക രീതിയിലുള്ള വസ്ത്രനിർമ്മാണത്തിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പു വരുത്തുന്നതിന് ആദ്യഘട്ടമെന്ന നിലയിൽ അട്ടപ്പാടിയിൽ അപ്പാരൽ ട്രെയിനിംഗ് സെന്റർ ആരംഭിക്കുന്നതിന് 255.00 ലക്ഷം രൂപയുടെ പദ്ധതി 291 വനിതകൾക്ക് 6 മാസത്തെ പരിശീലനം നൽകി തൊഴിൽ ഉറപ്പുവരുത്തുന്നു.
- 2016-17 സാമ്പത്തിക വർഷം പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എൻ.റ്റി.റ്റി.എഫ് എന്ന സാങ്കേതിക സ്ഥാപനം മുഖേന 250 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഒരു വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സും 100 വിദ്യാർത്ഥികൾക്ക് മൂന്ന് വർഷത്തെ ഡിപ്ലോമ കോഴ്സും നടത്തുന്നതിനായി 4.55 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ ഒന്നും രണ്ടും വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സുകൾ പൂർത്തീകരിച്ചിട്ടുണ്ട്. 2018-19 വർഷത്തിൽ ഒരു വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സിന് 420 കുട്ടികൾക്ക് പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.
- സെന്റർ ഫോർ ബയോ പോളിമർ സയൻസ് ആന്റ് ടെക്നോളജി (CBPST)മുഖേന പ്ലാസ്റ്റിക് നിർമ്മാണ മേഖലയിൽ 0.60 കോടി ചെലവഴിച്ച 50 പേർക്ക് പരിശീലനത്തിലൂടെ പ്ലെയ്സ്മെന്റ് ഉറപ്പു വരുത്തി. 2018-19 വർഷം 75 വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.
- ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് (ECIL) മുഖേന അട്ടപ്പാടിയിൽ ഡിസിഎ കോഴ്സ് പരിശീലനത്തിനായി 0.38 കോടി രൂപ ചെലവഴിച്ച് 21 പേർക്ക് പ്ലെയ്സ്മെന്റ് ലഭ്യമാക്കി.
- എത്തിയോസ് (Atheos) എന്ന സ്ഥാപനം മുഖേന ഹോട്ടൽ മാനേജ്മെന്റിൽ 125 പേർക്ക് പരിശീലനത്തിനായി 0.69 കോടി രൂപ ചെലവഴിച്ച് നടപ്പിലാക്കി പ്ലെയ്സ്മെന്റ് നൽകി. 2018-19 സാമ്പത്തികവർഷത്തിൽ ഹോട്ടൽ മാനേജ്മെന്റ് (ഹൗസ് കീപ്പിംഗ്, ഫുഡ് ആന്റ് ബിവറേജസ്) എന്നിവയിൽ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.
- ധന്വന്തരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാ മെഡിക്കൽ സയൻസ് എന്ന സ്ഥാപനം മുഖേന 2018-19 വർഷം ആയുർവേദ പഞ്ചകർമ്മ തെറാപ്പി, ആയുർവേദ നഴ്സിംഗ്, ആയുർവേദ ഫാർമസിംഗ് എന്നീ 3 കോഴ്സുകളിൽ 70 പേർക്ക് പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.
- **സെന്റർ ഫോർ ഡെവല്പമെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (C-DIT)** മുഖേന 60 കുട്ടികൾക്ക് മീഡിയ ടെക്നോളജിയിൽ പരിശീലനം നൽകുന്നതിനായി 0.25 കോടി രൂപ അനുവദിച്ചിട്ടുണ്ട്
- KASE ഉം പട്ടികവർഗ്ഗ വികസന വകുപ്പും സംയുക്തമായി സംഘടിപ്പിക്കുന്ന നൈപുണ്യ വികസന പരിപാടിക്കായി 1.43 കോടി 2017-18 സാമ്പത്തിക വർഷം അനുവദിച്ചു നൽകിയിട്ടുണ്ട്. KASE മായി അക്രഡിറ്റ് ചെയ്തിട്ടുള്ള അംഗീകൃത പരിശീലന സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന കോഴ്സുകളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.
    1. ഡിപ്ലോമ ഇൻ ആയുർവേദ-പഞ്ചകർമ്മ തെറാപ്പി.
    2. ഡിപ്ലോമ ഇൻ ആയുർവേദ നഴ്സിംഗ്.
    3. ഡിപ്ലോമ ഇൻ ഫാർമസി.
    4. അഡ്വാൻസ് ഇൻ നഴ്സിംഗ് എക്സലൻസ് പ്രോഗ്രാം.
    5. BLS, IELTS
- നഴ്സിംഗ് കരിയർ അഡ്വാൻസ് പ്രോഗ്രാം.

## വിദ്യാഭ്യാസ പദ്ധതികൾ

### 1) മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ - 20 എണ്ണം

വകുപ്പിൻ കീഴിലുള്ള 20 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലായി ആകെ 5726 വിദ്യാർത്ഥികൾ പഠനം നടത്തി വരുന്നു. ആയതിൽ 2603 ആൺകുട്ടികളും 3123 പെൺകുട്ടികളും ഉൾപ്പെടുന്നു. 12 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ +1, +2 ബാച്ചുകൾ ഉണ്ട്. 2017-18 അധ്യയന വർഷം എസ്.എസ്.എൽ.സി -ക്ക് 99.82% വിജയം മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ലഭിക്കുകയുണ്ടായി. +2 പരീക്ഷയിൽ 89% വിജയം മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ലഭിച്ചു.

കിഫ്ബി മുഖേന 2 എം.ആർ.എസ്-കൾ നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ആയതിൽ കണ്ണൂർ ജില്ലയിൽ ആറളത്ത് 18.60 കോടി രൂപ ചെലവഴിച്ച് എം.ആർ.എസ് നിർമ്മിക്കുന്നതിനുള്ള കിഫ്ബിയുടെ അന്തിമ അനുമതിയും ഫണ്ടും ലഭ്യമായിട്ടുണ്ട്. ടി പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ കുറ്റിച്ചൽ എന്ന സ്ഥലത്ത് അനുവദിച്ച എം.ആർ.എസ് നിർമ്മിക്കുന്നതിനുള്ള പ്രാരംഭനടപടി ക്കായി 23.30 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്.

### 2) ഹോസ്റ്റലുകൾ

a) പ്രീമെട്രിക് ഹോസ്റ്റലുകൾ -103

b) പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ - 9

വകുപ്പിന് കീഴിൽ 103 പ്രീമെട്രിക് ഹോസ്റ്റലുകളും 9 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളും നിലവിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ നെടുമങ്ങാട്, കാസറഗോഡ്, അടിമാലി, അട്ടപ്പാടി, മാനന്തവാടി എന്നീ സ്ഥലങ്ങളിൽ വാടകകെട്ടിടത്തിലും പാലക്കാട് വകുപ്പിന്റെ കീഴിലുള്ള കെട്ടിടത്തിൽ ആൺകുട്ടികൾക്കും പോസ്റ്റ്മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് ഭരണാനുമതി ലഭിക്കുകയും ആയത് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുകയും ചെയ്യുന്നു. നിലവിൽ പെൺകുട്ടികളുടെ 45 ഹോസ്റ്റലുകളും ആൺകുട്ടികളുടെ 56 ഹോസ്റ്റലുകളും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പൊതുവായി രണ്ട് ഹോസ്റ്റലുകളും പ്രവർത്തിക്കുന്നു. ടി ഹോസ്റ്റലുകളിൽ ആകെ 6878 കുട്ടികൾ താമസിച്ചു പഠനം നടത്തുന്നു. 9 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിൽ 198 കുട്ടികൾ താമസിച്ച് പഠിക്കുന്നു.

കിഫ്ബി മുഖേന 5 പ്രീമെട്രിക് ഹോസ്റ്റലുകളും 2 പോസ്റ്റ്മെട്രിക് ഹോസ്റ്റലും ഒരു യൂത്ത് ഹോസ്റ്റലും നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ആയതിൽ 4 പ്രീമെട്രിക് ഹോസ്റ്റലുകൾക്കും 2 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾക്കും ഒരു യൂത്ത് ഹോസ്റ്റലിനും നിർമ്മിക്കുന്നതിനുള്ള കിഫ്ബിയുടെ

അന്തിമ അനുമതിയും ഫണ്ടും ലഭ്യമായിട്ടുണ്ട്.

**3) മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ -**

a) **നഴ്സറി സ്കൂളുകൾ** - 13 എണ്ണം

കുട്ടികളുടെ എണ്ണം - 258

കുട്ടികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ

ലംപ്സംഗ്രാന്റ് - 190/-

പ്രതിദിന ഭക്ഷണ അലവൻസ് - 40/-

യൂണിഫോം (രണ്ട് ജോഡി) - 500/-

b) വികാസ് വാടി/കിന്റർഗാർട്ടൻ/ബാലവാടി -

കുട്ടികളുടെ എണ്ണം - 298

കുട്ടികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ

ലംപ്സംഗ്രാന്റ് - 190/-

പ്രതിദിന ഭക്ഷണ അലവൻസ് - 40/-

യൂണിഫോം (രണ്ട് ജോഡി) - 500/-

c) പെരിപ്പതറ്റിക്/ഏകാധ്യാപക സ്ഥാപനങ്ങൾ/ബാലവിജ്ഞാന കേന്ദ്രങ്ങൾ (1 മുതൽ 4 വരെയുള്ള ക്ലാസ്സുകൾ)

ഏകാധ്യാപക സ്കൂളുകൾ -23

പെരിപ്പതറ്റിക് സെന്ററുകൾ - 7

ബാലവിജ്ഞാന കേന്ദ്രങ്ങൾ - 3.

ആകെ കുട്ടികളുടെ എണ്ണം - 527

കുട്ടികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ

ലംപ്സംഗ്രാന്റ് - 630/-

സ്റ്റൈപ്പന്റ് - 160/-

പ്രതിദിന ഭക്ഷണ അലവൻസ് - 40/-

യൂണിഫോം (രണ്ട് ജോഡി) - 500/-

d) ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് - 2 എണ്ണം

തിരുവനന്തപുരം (കുട്ടമല) - 1

ഇടുക്കി (നാടുകാണി) -1

58 അപ്രന്റീസുകൾ പ്രസ്തുത സ്ഥാപനങ്ങളിൽ പരിശീലനം നേടി വരുന്നുണ്ട്.

പരിശീലനാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ

ലംപ്സംഗ്രാന്റ് (ഒന്നാം വർഷം) - 750/-

ലംപ്സംഗ്രാന്റ് (രണ്ടാം വർഷം) - 630/-

പ്രതിമാസ സ്റ്റൈപ്പന്റ് - 630/-

കിഫ്ബി മുഖേന ഇടുക്കിയിലുള്ള നാടുകാണി ഐ.ടി.ഐ-ലേക്ക് അക്കാഡമിക് ബ്ലോക്ക്, ഹോസ്റ്റൽ ബ്ലോക്ക് എന്നിവയുടെ നിർമ്മാണപ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**4) വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ**

തയ്യൽ പരിശീലനകേന്ദ്രം - 8 എണ്ണം

ഫാഷൻ ഡിസൈനിംഗ് & ഗാർമെന്റ്സ് മേക്കിംഗ് - 2 എണ്ണം

ഉൽപ്പാദന പരിശീലന കേന്ദ്രം - 1 എണ്ണം

പരിശീലനം നേടുന്നവരുടെ എണ്ണം - 136

ആനുകൂല്യങ്ങൾ

ലംപ്സംഗ്രാന്റ് (ഒന്നാം വർഷം) - 820/-

ലംപ്സംഗ്രാന്റ് (രണ്ടാം വർഷം) - 630/-

പ്രതിമാസ സ്റ്റൈപ്പന്റ് - 630/-

**വിവിധ സ്കോളർഷിപ്പുകളുടെ വിവരം**

1) എസ്.എസ്.എൽ.സി. വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന പട്ടികവർഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം ചെയ്യുന്നുണ്ട്.

| | എൽ.പി വിഭാഗം | ലംപ്സംഗ്രാന്റ് | പ്രതി മാസ |
|---|---|---|---|

| | | | |
|---|---|---|---|
| | | | സ്റ്റൈപ്പന്റ് |
| 1 | 1 മുതൽ 4 വരെ | 320/- | 130/- |
| 2 | യു.പി. വിഭാഗം 5 മുതൽ 7 വരെ | 630/- | 160/- |
| 3 | ഹൈസ്ക്കൂൾ വിഭാഗം | 940/- | 190/- |

2) 9, 10 ക്ലാസുകളിൽ പഠിക്കുന്നതും കുടുംബ വാർഷിക വരുമാനം 2 ലക്ഷത്തിൽ താഴെയുള്ള വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യം കൂടാതെ കേന്ദ്രസർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യവും നൽകുന്നു. പ്രതിവർഷം 1500 രൂപ സ്കോളർഷിപ്പ് ഇനത്തിലും 750 രൂപ ബുക്സ് തുടങ്ങിയ പഠനസാമഗ്രികൾ വാങ്ങുന്നതിന് ഗ്രാന്റ് ഇനത്തിലും നൽകുന്നു. ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യഥാക്രമം 3500 രൂപയും 1000 രൂപയും നൽകുന്നു.

3) 10-ാം ക്ലാസ് പഠനം പൂർത്തിയാക്കി പോസ്റ്റ്മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന പട്ടികവർഗ വിദ്യാർത്ഥികൾക്ക് വരുമാന പരിധിയില്ലാതെ സർക്കാർ അംഗീകരിച്ച ഫീസ്, ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് ഉൾപ്പെടെയുള്ള മുഴുവൻ വിദ്യാഭ്യാസ ആനുകൂല്യങ്ങളും നൽകി വരുന്നു.

അഞ്ചാം ക്ലാസ്സ് മുതൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷ നടത്തി ആനുകൂല്യം നൽകുന്ന 'അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്പ്മെന്റ് പദ്ധതി', കുട്ടികൾക്ക് ട്യൂഷൻ പഠിക്കുന്നതിന് 'ട്യൂട്ടോറിയൽ ഗ്രാന്റ് പദ്ധതി', ട്രൈബൽ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 'വസ്ത്ര വിതരണ പദ്ധതി', വകുപ്പിന്റെ അംഗീകാരമുള്ള ഹോസ്റ്റലുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 'ബോർഡിംഗ് ഗ്രാന്റ്', സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം, സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കുള്ള പഠന യാത്രയായ ഭാരത ദർശൻ, പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കുള്ള പ്രോത്സാഹന ഗ്രാന്റ് എന്നീ പദ്ധതികളും നടത്തി വരുന്നു. കൂടാതെ മെഡിക്കൽ എഞ്ചിനിയിറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്ക് പ്രാരംഭ ചിലവിനത്തിൽ 5000 രൂപവീതം ധനസഹായം നൽകുന്നു.

**<u>സംസ്ഥാനത്തിന് പുറത്തുള്ള പഠനം</u>**

സംസ്ഥാനത്തിന് പുറത്തുള്ള വിവിധ സർക്കാർ അംഗീകൃത പോസ്റ്റ്മെട്രിക് സ്ഥാപനങ്ങളിൽ അംഗീകൃത കോഴ്സുകൾക്ക് പഠിച്ചു വരുന്നതും കുടുംബ വാർഷിക വരുമാനം രണ്ടരലക്ഷം രൂപയിൽ താഴെയുള്ളതുമായ പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ മാർഗ്ഗ രേഖയിലെ നിർദ്ദേശങ്ങൾ അനുസരിച്ച് വിദ്യാഭ്യാസാനുകൂല്യം അനുവദിച്ച്‌വരുന്നുണ്ട്. കൂടാതെ നാഷണൽ എൻട്രൻസ് ടെസ്റ്റ്‌വഴി സംസ്ഥാനത്തിന് പുറത്ത് വിവിധ മികച്ച സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യവും അനുവദിച്ച് വരുന്നുണ്ട്.

**<u>വിദേശ പഠനം</u>**

സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിൽ പോയി പഠനം നടത്തുന്നതിന് വിദ്യാഭ്യാസ ധനസഹായം നൽകുന്നുണ്ട്.

**പട്ടികവർഗ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായുള്ള പ്രത്യേക പദ്ധതികൾ**

1) ഗോത്രബന്ധു

പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ കൊഴിഞ്ഞ്പോക്ക് തടയുക, ഭാഷാ പ്രശ്നം ലഘൂകരിക്കുക, പട്ടികവർഗ്ഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്ക് ജോലി നൽകുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി സർക്കാർ/ എയ്ഡഡ് സ്കൂളുക

ളിൽ മെന്റർ ടീച്ചർമാരെ നിയമിക്കുന്ന പദ്ധതിയാണിത്.
വയനാട് ജില്ലയിലെ 241 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട റ്റി.റ്റി.സി/ബി.എഡ് പാസ്സായവരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവരെ മെന്റർ ടീച്ചർമാരായി നിയമിച്ചിട്ടുണ്ട്.
അട്ടപ്പാടിയിലെ 26 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ഈ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

2) സാമൂഹ്യപഠന മുറി

പട്ടിക വർഗ്ഗ കുട്ടികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനും മികച്ച രീതിയിലുള്ള ട്യൂഷൻ നൽകി കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും ഊരുകളിൽ സാമൂഹിക പഠനമുറി പ്രവർത്തിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 100 പഠനമുറികളുടെ പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഫെസിലിറ്റേറ്ററായി പ്രവർത്തിക്കുന്നതിന് ഒരു യുവ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടയാളെ (ആണോ/പെണ്ണോ) തെരഞ്ഞെടുത്ത് പരിശീലനം നൽകി നിയോഗിക്കുന്നു. പ്രതിമാസം 15000/- രൂപ വേതനം നൽകുന്നതാണ്. 2017-18 വർഷം ഫെസിലിറ്റേറ്ററിന്റെ ഓണറേറിയം ഉൾപ്പെടെ അധിക സൗകര്യങ്ങളായ കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ഫർണിച്ചർ, വായനാ സാമഗ്രികൾ, ലഘുഭക്ഷണം തുടങ്ങിയവയ്ക്കുള്ള ചെലവുകൾ 6.2 ലക്ഷം രൂപയ്ക്കുള്ളിൽ നിജപ്പെടുത്തിക്കൊണ്ട് ഭരണാനുമതി ലഭ്യമായിട്ടുണ്ട്. 2018-19 വർഷം 500 സാമൂഹ്യപഠനമുറികൾ ആരംഭിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ആയതിൽ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് 100 പഠനമുറികൾ നിർമിക്കുന്നത്.

3) ഗോത്രസാരഥി

പട്ടികവർഗ ഊരുകൾ ദുർഘടവനപ്രദേശത്തോ മതിയായ വാഹനസൗകര്യമില്ലാത്ത ഒറ്റപ്പെട്ട ഉൾപ്രദേശങ്ങളിലോ ആണ് സ്ഥിതിചെയ്യുന്നത്. അത്തരത്തിലുള്ള പ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്ക് സ്കൂളിൽ പോകുന്നതിന് സൗകര്യം ഒരുക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 376 സ്കൂളുകളിലെ 17247 വിദ്യാർത്ഥികൾക്കാണ് ടി സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളത്.

4) പട്ടികവർഗ വിദ്യാർത്ഥികൾക്ക് പൊതു പ്രവേശന പരീക്ഷാ പരിശീലനം

5) ലാപ്ടോപ്പ് - തെരഞ്ഞെടുത്ത പ്രൊഫഷണൽ കോഴ്സുകൾക്ക് 2-ാം വർഷം പഠിക്കുന്ന 225 വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്തു. ഇതിനായി 2017-18 വർഷം 1.038 കോടി രൂപ ചെലവഴിച്ചു.

6) അട്ടപ്പാടിയിൽ 4-ാം ക്ലാസിൽ പഠിക്കുന്ന 100 പട്ടികവർഗ വിദ്യാർത്ഥികൾക്ക് നവോദയ സ്കൂളിലും സൈനിക സ്കൂളിലും പ്രവേശനം ലഭിക്കുന്നതിനുള്ള പരിശീലനം വകുപ്പ് നേരിട്ട് നടത്തിവരുന്നു. 2016-17 വർഷം 19.27 ലക്ഷം രൂപയും 2017-18 വർഷം 20.02 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. 2016-17 അധ്യയന വർഷം പരിശീലനം ലഭിച്ച 7 വിദ്യാർത്ഥികൾക്കും 2017-18 വർഷം 4 വിദ്യാർത്ഥികൾക്കും കഴക്കൂട്ടം സൈനിക സ്കൂളിൽ പ്രവേശനം ലഭ്യമായിട്ടുണ്ട്. കൂടാതെ 5 വിദ്യാർത്ഥികൾക്ക് 2017-18 ൽ ജവഹർ നവോദയ വിദ്യാലയത്തിലും 2 വിദ്യാർത്ഥികൾക്ക് ആൾ ഇന്ത്യ സൈനിക് സ്കൂളിലും പ്രവേശനം ലഭ്യമായിട്ടുണ്ട്.

**മോഡൽ റസിഡൻഷ്യൽ സ്കൂളുകളെയും ഹോസ്റ്റലുകളെയും അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള വികസന പദ്ധതികൾ**

**മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ**

1. **സ്മാർട്ട് ക്ലാസ്സ്റൂം**

വകുപ്പിന് കീഴിലുള്ള 18 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ആധുനിക പഠനരീതിയുടെ ഭാഗമായി പഠനപ്രക്രിയ ആയാസരഹിതവും ആനന്ദകരവുമാക്കുന്നതിനായി 30 സ്മാർട്ട് ക്ലാസ്സ്റൂം സജ്ജീകരിച്ചിട്ടുണ്ട്. ആയതിന് 94,89,865/- രൂപ ചെലവഴിച്ചിട്ടുണ്ട്.

2. **കംപ്യൂട്ടർ ലാബ്**

വകുപ്പിന് കീഴിലുള്ള 11 എം.ആർ.എസ്സുകളിൽ ഒരേ സമയം 40 കുട്ടികൾക്ക് ഉപയോഗപ്രദമായ രീതിയിൽ കംപ്യൂട്ടർ ലാബ് സജ്ജീകരിച്ചിട്ടുണ്ട്. ഈയിനത്തിൽ 1.19 കോടി രൂപ ചെലവഴിച്ചു.

3. **സയൻസ് ലാബ്**

വകുപ്പിന് കീഴിലുള്ള 18 എം.ആർ.എസ്സുകളിൽ സയൻസ് ലാബ് സജ്ജീകരി

ച്ചിട്ടുണ്ട്. 2017-18 വർഷം 32 ലക്ഷം രൂപ ചെലവഴിച്ചു.

4. **ലാംഗ്വേജ് ലാബ്**

വകുപ്പിന് കീഴിലുള്ള 5 എം.ആർ.എസ്സുകളിൽ ലാംഗ്വേജ് ലാബ് സജ്ജീകരിച്ചിട്ടുണ്ട്. ആയതിനായി 48.5 ലക്ഷം രൂപ ചെലവഴിച്ചു.

5. **സ്കൂൾ റേഡിയോ**

മോഡൽ റസിഡൻഷ്യൽ സ്കൂളിലെ വിദ്യാർത്ഥികളുടെ ആത്മവിശ്വാസം, വ്യക്തിത്വം, ആശയ വിനിമയം എന്നിവ വളർത്തിയെടുക്കുന്നതിനാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 10 എം.ആർ.എസ് കളിൽ 1,46,56,340/- രൂപ ചെലവഴിച്ച ഈ പദ്ധതി നടപ്പിലാക്കുന്നുണ്ട്.

6. **കരിയർ ഗൈഡൻസ് & കൗൺസലിംഗ്**

പട്ടികവർഗ വികസന വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും ഹോസ്റ്റലുകളിലും ഹൈസ്കൂൾ മുതൽ +2 തലം വരെ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് അനുയോജ്യമായ മേഖലയിൽ തുടർ പഠനം നടത്തുന്നതിനാവശ്യമായ മാർഗനിർദ്ദേശം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ടി മേഖലയിലെ വിദഗ്ദ്ധരായ അധ്യാപകരാണ് വിദ്യാർത്ഥികൾക്കനുയോജ്യമായ മാർഗനിർദ്ദേശം നൽകുന്നത്. കൂടാതെ വിദ്യാർത്ഥികൾക്ക് ശുഭാപ്തി വിശ്വാസം ജീവിതമൂല്യങ്ങൾ എന്നിവ വളർത്തുന്നതിനും സ്വഭാവ രൂപീകരണം നടത്തുന്നതിനുമായി കൗൺസിലിംഗ് സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. എസ്.എസ്.എൽ.സി. +2 വിദ്യാർത്ഥികളുടെ വാർഷിക പരീക്ഷക്ക് തയ്യാറെടുക്കുമ്പോളുണ്ടാകുന്ന മാനസിക പിരിമുറുക്കം കുറയ്ക്കുന്നതിനും പ്രത്യേക കൗൺസിലിംഗ് ഇതോടൊപ്പം നടത്തിവരുന്നുണ്ട്.

പട്ടികവർഗ വികസന വകുപ്പിന് കീഴിലുള്ള എം.ആർ.എസ്-കളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികളുടെ വിവിധ രീതിയിലുള്ള സ്വഭാവ വൈകാരിക മാനസികപ്രശ്നങ്ങൾക്ക് വിദഗ്ദ്ധ പരിചരണം ഉറപ്പ് വരുത്തുന്നതിനായി ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതി നടപ്പിലാക്കുന്നതിന് 35,9,250/- രൂപ വകയിരിത്തിയിട്ടുണ്ട്.

7. **സി.സി. ടി.വി**

എം.ആർ.എസ് കളിലെയും ഹോസ്റ്റലുകളിലെയും വിദ്യാർത്ഥികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 18 എം.ആർ.എസ് കളിൽ 2,37,77,297/- രൂപ ചെലവഴിച്ച് ഈ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.

8. **സോളാർ പവർപ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി**

എം.ആർ.എസ് കളിലെ വൈദ്യുത പ്രവാഹം തടസപ്പെടുന്ന അവസ്ഥയും വൈദ്യുതി ലഭിക്കാതിരിക്കുന്ന അവസ്ഥയും ഒഴിവാക്കാനായി സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്ന ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ആദ്യഘട്ടമായി 5 എം.ആർ.എസ് കളിൽ 4,70,85,096/- രൂപ ഈ പദ്ധതിക്കായി അനുവദിച്ചിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ 8 എം.ആർ.എസ് കളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന് 8,44,00,910/- രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. രണ്ടാംഘട്ട പ്രവർത്തനങ്ങൾ 6 എം.ആർ.എസ്കളിൽ പൂർത്തീകരിച്ചിട്ടുണ്ട്.

9. **എം.ആർ.എസ്സുകളുടെ അടുക്കള നവീകരിക്കുന്നതിനുള്ള പദ്ധതി**

എം.ആർ.എസ് കളിലെ വിദ്യാർത്ഥികൾക്ക് ആരോഗ്യപ്രദവും രുചികരവുമായ ഭക്ഷണം പാചകം ചെയ്യുന്നതിനായാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. 16 എം.ആർ.എസ് കളിൽ 2,60,52,432/- രൂപ ചെലവഴിച്ച് ടി പദ്ധതി നടപ്പിലാക്കുന്നത്.

10. **മൾട്ടി പർപ്പസ് സിന്തറ്റിക് കോർട്ട്**

എം.ആർ.എസ് കളിലെ വിദ്യാർത്ഥികൾക്ക് ബാസ്ക്കറ്റ് ബോൾ, വോളിബോൾ, ഷട്ടിൽ ബാഡ്മിന്റൺ, ടെന്നീസ്, ഹാൻഡ്ബോൾ, ഖോഖോ, കബഡി എന്നീ കളികളുടെ പരിശീലനത്തിനായാണ് 3,26,58,940/- രൂപ ചെലവഴിച്ച് ഈ പദ്ധതി നടപ്പിലാക്കുന്നത്.

11. **മിനി മാസ്റ്റ് ലൈറ്റ്**

മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ സുരക്ഷ

വർദ്ധിപ്പിക്കുന്നതിനാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 18 എം.ആർ.എസ് കളിൽ 1,15,27,863/- രൂപ ചെലവഴിച്ച് ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

**12. മിന്നൽ രക്ഷാചാലകം**

മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികളുടെയും കെട്ടിടങ്ങളുടെയും ഇലക്ട്രോണിക് ഉപകരണങ്ങളുടെയും സുരക്ഷ ഉറപ്പ് വരുത്തുന്നതിന് മിന്നൽ രക്ഷാചാലകം സ്ഥാപിക്കുന്നതിനുള്ള പദ്ധതി. 11 എം.ആർ.എസ് കളിൽ 46,20,000/- രൂപ ചെലവഴിച്ച് ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

13. ഖര ദ്രാവക മാലിന്യ സംസ്കരണ പ്ലാന്റ്

മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെയും ഹോസ്റ്റലുകളിലെയും ഖര ദ്രവ മാലിന്യങ്ങൾ സംസ്കരണം ചെയ്ത് ആവശ്യാനുസരണം ഉപയോഗിക്കുന്നതിനുള്ള പദ്ധതി. ഞാറനീലി സി.ബി.എസ്.ഇ സ്കൂളിൽ 84,13,400/- രൂപയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.

**14. ജലശുദ്ധീകരണ പദ്ധതി**

മോഡൽ റസിഡൻഷ്യൽ സ്കൂളിലെ പാചകത്തിനും വിദ്യാർത്ഥികൾക്ക് കുടിവെള്ളത്തിനുമായി ശുദ്ധമായ ജലം ലഭ്യമാക്കുന്നതിനുമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 18 എം.ആർ.എസ് കളിൽ 80,96,904/- രൂപ ചെലവഴിച്ച് ടി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

**15. നാപ്കിൻ വെൻഡിംഗ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള പദ്ധതി**

13 എം.ആർ.എസ് കളിലെയും 39 പ്രീമെട്രിക് ഹോസ്റ്റലുകളിലെയും ഒരു പോസ്റ്റ്മെട്രിക് ഹോസ്റ്റലിലെയും വിദ്യാർത്ഥിനികളുടെ ശുചിത്വം ഉറപ്പു വരുത്തുന്നതിനായി ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 13 എം.ആർ.എസ് കളിലേയ്ക്ക് 13,39,424/- രൂപയും 40 ഹോസ്റ്റലുകളിലേയ്ക്ക് 17,52,960/- രൂപയും ഈ ഇനത്തിൽ ചെലവായിട്ടുണ്ട്.

**16. സിന്തറ്റിക് ട്രാക്ക് നിർമ്മാണം**

പട്ടികവർഗ വിദ്യാർത്ഥികളുടെ സംസ്ഥാനതല കായികമേളയായ കളിക്കളത്തിൽ മികച്ച പ്രകടനം കാഴ്ച വയ്ക്കുന്ന കാസർകോഡ് എം.ആർ.എസിൽ 200 മീറ്റർ (ആറ് വരി) സിന്തറ്റിക് ട്രാക്കും ട്രെയിനിംഗ് സൗകര്യവും സ്ഥാപിക്കുന്നതിന് 3,23,41,668 രൂപയുടെ പദ്ധതി തയ്യാറാക്കിയിട്ടു. വിദ്യാർത്ഥികൾക്ക് ഷോട്ട്പുട്ട്, ജാവലിൻ ത്രോ, ഹാമർ ത്രോ, ഓട്ടം, ഹൈ ജമ്പ്, ലോംഗ് ജമ്പ്, ട്രിപ്പിൾ ജമ്പ് തുടങ്ങിയവയിൽ വിദഗ്ധ പരിശീലനം നടത്താൻ ടി പദ്ധതി മുഖേന കഴിയും.

**17. 13 എം.ആർ.എസുകളിൽ ഫയർ എക്സ്റ്റിംഗ്വിഷർ സിസ്റ്റം**

ബഹു. സുപ്രീം കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ എം.ആർ.എസുകളിലെ സുരക്ഷിതത്വത്തിനായി പട്ടികവർഗ വികസന വകുപ്പിന് കീഴിലുള്ള 13 എം.ആർ.എസുകളിൽ 2,17,43,149 രൂപ ചിലവഴിച്ച് അഗ്നി പ്രതിരോധ സംവിധാനം സ്ഥാപിക്കുന്ന നടപടി പ്രാരംഭഘട്ടത്തിലാണ്.

**18. ഔട്ട് ഡോർ ഫിറ്റ്നെസ് സെന്റർ**

പട്ടികവർഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 9 എം.ആർ.എസുകളിൽ നൂതന ജിം ഉപകരണങ്ങൾ ഉപയോഗിച്ച് വിദ്യാർത്ഥികളുടെ ശാരീരിക ക്ഷമത വർദ്ധിപ്പിക്കുവാൻ ലക്ഷ്യമിട്ട് ഔട്ട്ഡോർ ഫിറ്റ്നെസ് സെന്റർ 87,17,814 രൂപ ചിലവഴിച്ച് സ്ഥാപിക്കുന്ന നടപടി പ്രാരംഭ ഘട്ടത്തിലാണ്.

**19. ഡിജിറ്റൽ ലൈബ്രറി**

വിദ്യാർത്ഥികളുടെ വായന ശീലം വർദ്ധിപ്പിക്കുന്നതിനായി ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ 6 എം.ആർ.എസുകളിൽ നടപ്പിലാക്കി വരുന്നു. 3,53,40,000 രൂപ ചിലവഴിച്ച് നടപ്പിലാക്കുന്ന ഈ പദ്ധതി പുരോഗമിച്ചു വരുന്നു.

**20. ആർച്ചെറി**

എം.ആർഎസ്. കണിയാമ്പറ്റയിൽ ആർച്ചറി പരിശീലനകേന്ദ്രത്തിനായി 22,11,084 രൂപ ചിലവഴിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു. കണിയാംപറ്റ എം.ആർ.എസിൽ പരമ്പരാഗതമായ അമ്പെയ്ത്തിൽ മിടുക്കരായ ആദിവാസി വിഭാഗത്തിലെ കുറിച്യരിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പരിശീലനം നടത്തുവാനും ടി വിദ്യാർത്ഥികളുടെ നൈസർഗ്ഗികമായ അമ്പെയ്ത്തിലുള്ള വാസന പരിപോഷിപ്പിക്കുന്നതിനും അമ്പെയ്ത്ത് പരിശീലനകേന്ദ്രം ലക്ഷ്യമിടുന്നു.

2016-17 സാമ്പത്തിക വർഷം 9.9 കോടി രൂപയും 2017-18 സാമ്പത്തിക വർഷം 23.34 കോടി രൂപയും മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നവീകരണത്തിനായി ഇതുവരെ ചെലവഴിച്ചിട്ടുണ്ട്. 2018-19 വർഷം 2018-19 വർഷം ഈയിനത്തിൽ 4782.2 ലക്ഷം രൂപ വകയിരുത്തിയതിൽ 2483.9 ലക്ഷം രൂപ ചിലവഴിച്ചിട്ടുണ്ട്.

**ഹോസ്റ്റലുകൾ**

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പ്രീമെട്രിക് പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിച്ച് നിലവാരം ഉയർത്തുന്നതിലേയ്ക്കായി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പ്രീമെട്രിക് പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ നവീകരണത്തിനായി ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യങ്ങൾ അന്താരാഷ്ട്ര നിലവാരത്തിൽ ഉയർത്തുന്നതിന് യൂണിസെഫ് നിഷ്ക്കർഷിച്ച മാതൃകയിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 2016-17 വർഷത്തിൽ 3,35,15,000/- (മൂന്ന് കോടി മുപ്പത്തി അഞ്ച് ലക്ഷത്തി പതിനയ്യായിരം രൂപ മാത്രം) രൂപയും 2017-18 വർഷത്തിൽ 9,12,83,042/- (ഒമ്പതു കോടി പന്ത്രണ്ടു ലക്ഷത്തി എൺപത്തി മൂവായിരത്തി നാൽപ്പത്തി രണ്ട് രൂപ മാത്രം) രൂപയുടെ പ്രവർത്തികൾ നിർവ്വഹിച്ചിട്ടുണ്ട്

പട്ടികവർഗ്ഗക്കാർക്കിടയിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിന് സാക്ഷരതാമിഷനുമായി ചേർന്ന് 'സമഗ്ര' എന്ന ആദിവാസി സാക്ഷരതാ പദ്ധതിയും നടപ്പിലാക്കി വരുന്നു.

**ഭക്ഷ്യസുരക്ഷ പദ്ധതികൾ:**

പട്ടികവർഗ്ഗമേഖലയിൽ പോഷകാഹാരകുറവ് പരിഹരിക്കുന്നതിനും ശിശുമരണ നിരക്ക് കുറയ്ക്കുവാനും ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

**ഫുഡ് സപ്പോർട്ട് പ്രോഗ്രാം**

- ഭൂരിപക്ഷം പട്ടികവർഗ്ഗക്കാർക്കും ബി.പി.എൽ കാർഡ് ലഭിച്ചിട്ടുണ്ട്. ഇതുമൂലം ഭക്ഷ്യ സുരക്ഷ ഉറപ്പു വരുത്തുന്നു.
- പ്രതികൂല സാഹചര്യങ്ങളിൽ ഭക്ഷണ ദൗർലഭ്യം ഉണ്ടാകാതിരിക്കാൻ മൺസൂൺകാലത്ത് ഭക്ഷ്യ സുരക്ഷ ഉറപ്പു വരുത്തുന്നതിനുമായി ഭക്ഷ്യസഹായ പദ്ധതിയിലൂടെ ജൂൺ മുതൽ സെപ്തംബർ വരെയുള്ള മാസങ്ങളിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നു. ഇതിപുറമെ ഓണക്കാലത്ത് ഭക്ഷ്യധാന്യങ്ങ ഉടങ്ങിയ ഓണകിറ്റ് വിതരണം ചെയ്യുന്നു.

**കമ്മ്യൂണിറ്റി കിച്ചൻ**

- 2016-17 സാമ്പത്തിക വർഷത്തചന്റ അട്ടപ്പാടി മേഖലയിൽ കമ്മ്യൂണിറ്റി കിച്ചന്റെ സുഗമമായ നടത്തിപ്പിനായി പട്ടികവർഗ്ഗ വികസന വകുപ്പ് 4.84കോടി രൂപ ഈ പദ്ധതി നടത്തിപ്പിനായി അനുവദിച്ചിട്ടുണ്ട്. 172 ഊരുകളിലായി 15302 ഗുണഭോക്താ ക്കൾക്ക് പ്രയോജനം ലഭിച്ചു.
- 2017-18 സാമ്പത്തിക വർഷം കമ്മ്യൂണിറ്റി കിച്ചൻ പദ്ധതിയ്ക്കായി 7.35 കോടി രൂപ അനുവദിച്ച് 188 കമ്മ്യൂണിറ്റി കിച്ചനുകളിലായി 16715

പട്ടികവർഗ്ഗക്കാർക്ക് പ്രയോജനം ലഭിക്കുന്നു.

- കൂടാതെ വയനാട് ജില്ലയിൽ തിരുനെല്ലി, നൂൽപ്പുഴ, കണിയാംപറ്റ എന്നീ പഞ്ചായത്തുകളിൽ 16392 ഗുണഭോക്താക്കൾക്ക് 5.67 കോടി രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു.

**മില്ലറ്റ് വില്ലേജ് - അട്ടപ്പാടി**

അട്ടപ്പാടിയിൽ ഭക്ഷ്യ സുരക്ഷയും ജീവനോപാധിയും ഉറപ്പു വരുത്തുന്നതിനായി 2017-18 സാമ്പത്തിക വർഷം വകുപ്പിന്റെ ഫണ്ട് ഉൾപ്പെടുത്തി അട്ടപ്പാടി പട്ടികവർഗ്ഗ മേഖലയിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പും, കൃഷി വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന മില്ലറ്റ് വില്ലേജ് എന്ന പദ്ധതി 6.87 കോടി രൂപയ്ക്ക് അഗളി, ഷോളയൂർ, പുതൂർ എന്നീ 3 പഞ്ചായത്തുകളിലാണ് നടപ്പിലാക്കുന്നത്. ആദ്യഘട്ട വിളവെടുപ്പ് കഴിഞ്ഞു. പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 55 ഊരുകളിലായി 520 ഹെക്ടർ കൃഷി ഇറക്കി രണ്ടാം വിളവ് നടപ്പിലാക്കി വരുന്നു. കൂടാതെ 15 ടൺ ചെറുധാന്യങ്ങൾ വിവിധ ഊരുകളിൽ നിന്നും സംഭരിച്ച് മൂല്യവർ ദ്ധിത ഉൽപ്പന്നമാക്കി വിപണനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.

**ആരോഗ്യ പരിപാലനം**

- പട്ടികവർഗ്ഗക്കാർക്കുവേണ്ടിയുള്ള സമഗ്ര ആരോഗ്യ സുരക്ഷ പദ്ധതി നടപ്പിലാക്കുന്നതിനായി 2016-17 വർഷം 29614 പേർക്ക് 16.00 കോടി രൂപയും 2017-18 വർഷം 30328 പേർക്ക് 24.5842 കോടി രൂപ ചെലവഴിച്ചു. 2018-19 സാമ്പത്തികവർഷം 24.39 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും 25000 ഗുണഭോക്താക്കൾക്കായി 17.22 കോടി രൂപ ഇതുവരെ ചിലവഴിക്കുകയും ചെയ്തു.
- വിവിധ ജില്ലകളിലായി 14 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾക്കുള്ള പ്രവർത്തനത്തിനായി 6.64 കോടി രൂപയ്ക്കുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.
- ജനനി ജന്മരക്ഷ പദ്ധതിയിൽ ഉൾപ്പെടുത്തി ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരത്തി നായി 2016-17 വർഷം 11880 പേർക്ക് 10.00 കോടി രൂപയും 2017-18 വർഷം 11880 പേർക്ക് 12.68 കോടി രൂപയും ചെലവഴിച്ചു. 2018-19 വർഷം 6685 ഗുണഭോക്താക്കൾക്കായി 7.23 കോടി രൂപ ഇതുവരെ ചിലവഴിച്ചിട്ടുണ്ട്.
- 2016-17 വർഷം 652 സിക്കിൾ സെൽ അനീമിയ രോഗികൾക്ക് 1.59 കോടി രൂപയും 2017-18 വർഷം 711 സിക്കിൾ സെൽ അനീമിയ രോഗികൾക്ക് പ്രതിമാസം 2500 രൂപ നിരക്കിൽ 2.30 കോടി രൂപയും ചെലവഴിച്ചു. 2018 -19 വർഷം 1.92 കോടി രൂപ വകയിരുത്തിയതിൽ 744 ഗുണഭോക്താക്കൾക്കായി ഇതുവരെ 1.50 കോടി രൂപ ഇതുവരെ ചിലവഴിച്ചിട്ടുണ്ട്.
- കൈത്താങ്ങ് പദ്ധതിയിൽ 2016-17 വർഷം 432 അനാഥ കുട്ടികൾക്ക് 1.03 കോടി രൂപയും 2017-18 വർഷം 649 അനാഥ കുട്ടികൾക്ക് 0.91 കോടി രൂപയും ചെലവഴിച്ചു. 2018-19 വർഷം 1.17 കോടി രൂപ വകയിരുത്തിയതിൽ ഇതുവരെ 43.50 ലക്ഷം രൂപ ഇതുവരെ ചിലവഴിച്ചിട്ടുണ്ട്.
- പാരമ്പര്യ വൈദ്യൻമാർക്ക് വാർഷിക ധനസഹായം നൽകുന്ന പദ്ധതിയിൽ 2016-17 വർഷത്തിൽ 25 ലക്ഷം രൂപ ഒരാൾക്ക് 10,000/- രൂപ നിരക്കിൽ 250 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. 2017-18 വർഷത്തിൽ 250 പേർക്ക് 10,000/- നിരക്കിൽ ധനസഹായമായി ചെലവഴിച്ചിട്ടുണ്ട്. 2018-19 വർഷം 0.28 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

പട്ടികവർഗ യുവതി യുവാക്കൾക്ക് മെച്ചപ്പെട്ട തൊഴിൽ അവസരങ്ങൾ നേടു ന്നതിനായി നൈപുണ്യപരിശീലന പരിപാടി നടപ്പിലാക്കി വരുന്നു. ഇത്തരം പരിശീലനത്തിലൂടെ പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് കേരളത്തിനകത്തും പുറത്തും വിദേശത്തുമുൾപ്പടെ ജോലി ഉറപ്പാക്കാൻ കഴിയുന്നു.

നൈപുണ്യവികസന പരിപാടി നടത്തുന്നതിനായി വകുപ്പിൽ ലഭ്യമായ പ്രൊപ്പോസലുകൾ കേരള അക്കാഡമി ഫോർ സ്കിൽ എക്സലൻസ് (കെ.എ. എസ്.ഇ.) മുഖേന പരിശോധിച്ച് ലഭ്യമാക്കുകയും പ്രസ്തുത പ്രൊപ്പോസലു കൾക്ക് സർക്കാർ അംഗീകാരം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പ്രധാന പരി ശീലന പരിപാടികൾ താഴെപ്പറയുന്നവയാണ്.

1) ടിഗ് ആൻഡ് ആർക്ക് വെൽഡിംഗ്
2) ഇൻഡസ്ട്രിയൽ ടെക്നീഷ്യൻ
3) പൈപ്പ് ഫാബ്രിക്കേഷൻ ഫിറ്റർ
4) ഹോട്ടൽ മാനേജ്മെന്റ് (ഹൗസ് കീപ്പിംഗ്)
5) ഹോട്ടൽ മാനേജ്മെൻറ് (ഫുഡ് ആൻഡ് ബിവറേജസ്)

മുൻ സാമ്പത്തികവർഷങ്ങളിലായി നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേ ഷൻ, സെന്റർ ഫോർ ബയോ പോളിമർ സയൻസ് ആൻഡ് ടെക്നോളജി, സി-ഡിറ്റ് തുടങ്ങിയ സർക്കാർ, സർക്കാരിതര പരിശീലന സ്ഥാപനങ്ങൾ വഴിയും ആധുനിക തൊഴിൽ അവസരങ്ങൾ ലഭിക്കുന്നതിനുള്ള പരിശീലനം നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ